LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. ശ്രീനിവാസൻ ആക്രമിക്കപ്പെട്ട സംഭവം

171 (1913) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. ടി.പി. ശ്രീനിവാസനെ കൈയേറ്റം ചെയ്തതു തടയാതെ, നോക്കി നിന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പൗരന് സംരക്ഷണം നല്കാനും ക്രിമിനൽ നടപടികൾ തടയാനും ഉത്തരവാദിത്തവും ചുമതലയും നല്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ, കൺമുമ്പിൽ കുറ്റകൃത്യം നടക്കുമ്പോഴും കാഴ്ചക്കാരായി നിന്ന സ്ഥിതിവിശേഷം ഗൗരവമായി കണ്ട് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ശ്രീ. ടി.പി. ശ്രീനിവാസനെ കയ്യേറ്റം ചെയ്തതുമായി ബന്ധപ്പെട്ട് സംഭവ സ്ഥലത്ത് ഉണ്ടായിരുന്ന പോലീസുദ്യോഗസ്ഥരായ കോവളം എസ്.എച്ച്.ഒ. രാകേഷ്, വിഴിഞ്ഞം എസ്.എച്ച്.ഒ. ശ്രീ. ശ്രീകുമാരൻ നായർ, കോവളം പി.എസ്.-ലെ സി.പി.ഒ. മാരായ സതീഷ് കുമാർ (റ്റി 5000), ജോസ് (റ്റി 4926), ശ്രീകുമാർ (റ്റി. 4979) എന്നിവരെ ഒരു വർഷത്തെ പരിശീലനത്തിന് തൃശ്ശൂർ പോലീസ് അക്കാഡമിയിൽ അയയ്ക്കുകയും വകുപ്പുതല വാചകീയ അന്വേഷണത്തിന് ഉത്തരവായിട്ടുള്ളതുമാണ്.

ശ്രീ. ജേക്കബ് തോമസ് ഐ.പി.എസ്.-നെതിരെയുള്ള പരാതികൾ

172 (1914) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. ജേക്കബ് തോമസ്, ഐ.പി.എസ്. നെതിരെ അന്വേഷണത്തിനായി എത്ര പരാതികൾ ഇതുവരെ ലഭിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം പരാതികളിൽ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ട്;

(സി) അന്വേഷണം നടത്തിയിട്ടുള്ളവയുടെ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കാമോ;

(ഡി) കർണാടകയിൽ വസ്തു വാങ്ങിയതും അതിലെ മരം മുറിച്ചതും സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പരാതിയിന്മേലുള്ള അന്വേഷണ വിവരങ്ങൾ വ്യക്തമാക്കുമോ?